ശമീർ മദീനി

# ആർ ദഅ്‌വത്ത് ചെയ്യണം? (തുടർച്ച)

عن عائشة رضي الله عنها قالت : دخل النبي صلى الله عليه وسلم فعرفت في وجهه أن حضره شيء فتوضأ ولا كلم أحدا قالت : ثم خرج فلصقت في الحجرات وأسمع ما يقول فقعد على المنبر فحمد الله وأثنى عليه ثم قال : يا أيها الناس إن الله عز وجل يقول لكم مروا بالمعروف وانهوا عن المنكر قبل أن تدعوني فلا أستجيب وتسألوني فلا أعطيكم وتستنصروني فلا أنصركم. ( أحمد)

ആഇശ (﵁) പറയുന്നു: നബി (ﷺ) ഒരിക്കൽ വീട്ടിൽ വന്നു. എന്തോ സംഭവിച്ചതുപോലെ മുഖത്തുനിന്ന് ഞാൻ മനസ്സിലാക്കി. വുദു എടുത്തശേഷം ആരോടും ഒന്നും പറയാതെ നബി (ﷺ) പുറത്തിറങ്ങി. ഞാൻ മുറിയിൽതന്നെയിരുന്ന് ശ്രദ്ധിക്കുന്നുണ്ടായിരുന്നു. പള്ളിയിൽ കടന്ന നബി (ﷺ)മിമ്പറിന്മേലിരുന്നു. അല്ലാഹുവിനെ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്തശേഷം പറഞ്ഞു: ജനങ്ങളേ, അല്ലാഹു നിങ്ങളോട് പറയുന്നു: "നിങ്ങൾ പ്രാർഥിച്ചിട്ട് ഞാൻ ഉത്തരം ചെയ്യാതിരിക്കുന്നതിനും ചോദിച്ചിട്ട് നിങ്ങൾക്ക് തരാതിരിക്കുന്നതിനും എന്നോട് സഹായം തേടിയിട്ട് ഞാൻ നിങ്ങളെ സഹായിക്കാതിരിക്കുന്നതിനും മുമ്പായി നിങ്ങൾ നന്മകൽപിക്കുകയും തിന്മവിരോധിക്കുകയും ചെയ്യുക" (അഹ്മദ്).

അറിവുള്ള ഒരു സംഗതി പറയേണ്ടിടത്ത് പറയാതിരിക്കുന്നതിനെ താക്കീത് ചെയ്യുന്ന ഹദീഥുകളും കാണാവുന്നതാണ്. അപ്രകാരം തന്നെ അറിഞ്ഞ സത്യം മറ്റുള്ളവരിലേക്ക് എത്തിക്കുവാനുള്ള ആഹ്വാനവും ഹദീഥുകളിൽ കാണാം

عَنْ عَبْدِاللَّهِ بْنِ عَمْرٍو أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ بَلِّغُوا عَنِّي وَلَوْ آيَةً... ( البخارى)

അബ്ദുല്ലാഹിബ്നു അംറ്(﵁) നിവേദനം: നബി(ﷺ) പറഞ്ഞു: "എന്നിൽനിന്ന് ഒരു വചനമെങ്കിലും നിങ്ങൾ (മറ്റുള്ളവർക്ക്) എത്തിച്ചുകൊടുക്കുക....." (ബുഖാരി).

ഇവിടെ എല്ലാം തികഞ്ഞ പണ്ഡിതനാവണമെന്നല്ല, ഒരു വചനമെങ്കിലും മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുവാനാണ് നബി(ﷺ) പറഞ്ഞതെന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. അതേപോലെ അറഫാദിനത്തിലെ പ്രവാചക പ്രസംഗത്തിൽ സുവിദിതമായ "ഹാജരുള്ളവർ ഹാജരില്ലാത്തവർക്ക് എത്തിച്ചുകൊടുക്കട്ടെ!" എന്ന ആഹ്വാനവും മറ്റൊന്നല്ല അറിയിക്കുന്നത്. പ്രവാചക സന്നിധിയിൽ വന്ന്

ഇസ്‌ലാം സ്വീകരിച്ച വ്യക്തികളെയും സംഘങ്ങളെയും അവരുടെ ജനതയിലേക്ക് തന്നെ പ്രബോധനത്തിനയച്ച എത്രയോ സംഭവങ്ങൾ ചരിത്രത്തി ൽ നമുക്ക് കാണാൻ കഴിയും. അവരാരും ദീർഘനാൾ അറിവ് നേടിയശേഷമായിരുന്നില്ല ദഅ്‌വത്തിനിറങ്ങിയത്. സ്വഹാബത്തിലെ പണ്ഡിതവ്യൂഹമവിടെയുണ്ടായിരിക്കെത്തന്നെ 'പണ്ഡിതന്മാരേ ദഅ്‌വത്ത് നടത്താവൂ. നിങ്ങൾ ഇവിടെ നിൽക്കൂ' എന്ന് പറഞ്ഞതായും കാണുക സാധ്യമല്ല. ചില ഉദാഹരണങ്ങൾ കാണുക:

**1. അബൂദർറുൽ ഗിഫ്ഫാരി(ﷺ)**

ഇബ്നുഅബ്ബാസ് (ﷺ) പറയുന്നു: അബൂദർറിന് മക്കയിൽവെച്ച് നബി(ﷺ)യുടെ നിയോഗമനത്തെക്കുറിച്ചുള്ള വിവരമെത്തിയപ്പോൾ തൻെറ സഹോദരനെ നിജസ്ഥിതി അന്വേഷിച്ചറിയാൻ പറഞ്ഞയച്ചു. അതുപ്രകാരം അദ്ദേഹം അന്വേഷിച്ച് വന്നുപറഞ്ഞു: "മാന്യമായ സ്വഭാവങ്ങൾ കൽപിക്കുന്ന മാന്യനായ ഒരാൾ. കവിതയല്ലാത്ത സുന്ദരമായ വാക്കുകൾ അദ്ദേഹം പറയുന്നുണ്ട്. പക്ഷേ, അതൊന്നും അബുദർറിന്റെ ദാഹത്തിന് ശമനമേകിയില്ല. അവസാനം സ്വയം ഒരു യാത്രക്ക് തയാറായി പാഥേയമൊരുക്കി. അങ്ങനെ അദ്ദേഹം മക്കയിലെത്തി. പള്ളിയുടെ അടുക്കലെത്തി നബിയെ അന്വേഷിച്ചു. നബിയെ അദ്ദേഹത്തിനറിയില്ല. ആരോടെങ്കിലും ചോദിക്കാനിഷ്ടപ്പെട്ടുമില്ല. നേരം ഇരുട്ടിയപ്പോൾ ഒരിടത്ത് പോയിക്കിടന്നു. ഒരപരിചിതനായ അദ്ദേഹത്തെ അലി(ﷺ) കണ്ടു. പിറ്റേദിവസവും നബിയെ കാണാതെ കഴിഞ്ഞുപോയി. മൂന്നാമത്തെ ദിവസമായപ്പോൾ അലി(ﷺ) അദ്ദേഹത്തോട് യാത്രോദ്ദേശ്യം തിരക്കി. അങ്ങനെ രഹസ്യമായി നബിസന്നിധിയിൽ അലി (ﷺ) അദ്ദേഹത്തെ എത്തിച്ചു. വാക്കുകൾ ശ്രദ്ധിച്ചു. അവിടെവെച്ചുതന്നെ ഇസ്‌ലാമാശ്ലേഷിച്ചു. നബി(ﷺ) അദ്ദേഹത്തോട് പറഞ്ഞു: "എന്റെ നിർദേശം കിട്ടുന്നതുവരെ നീ നിൻെറ ജനതയിലേക്ക് മടങ്ങി (ഈ സത്യസന്ദേശം അവരെ അറിയിക്കുക". അദ്ദേഹം പറഞ്ഞു: "എൻെറ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം. ഈ സത്യം ഞാൻ മക്കക്കാരുടെ മധ്യത്തിൽവെച്ച് ഉറക്കെ വിളിച്ചുപറയും". അങ്ങനെയദ്ദേഹം പള്ളിയിലെത്തി അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞു: "അല്ലാഹു അല്ലാതെ ആരാധനക്കർഹൻ മറ്റാരുമില്ലെന്നും മുഹമ്മദ് അല്ലാഹുവിൻെറ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു". ഇതുകേട്ട ജനം രോഷാകുലരായി ഇളകിമ റിഞ്ഞു. അവർ അദ്ദേഹത്തെ അടിച്ചുവീഴ്ത്തി (സ്വഹീഹു മുസ്‌ലിമിൽനിന്ന് സംക്ഷിപ്തമായുദ്ധരിച്ചത്- മുസ്‌ലിം 8:268).

**2. വഫ്ദു അബ്ദുൽ ഖൈസ് (അബ്ദുൽ ഖൈസിൻെറ സംഘം)**

അബ്ദുൽ ഖൈസിൻെറ സംഘം നബിയുടെ അടുക്കലെത്തി. "ഞങ്ങൾ വിദൂരത്തുനിന്ന് വരികയാണ്. എപ്പോഴും ഞങ്ങൾക്ക് ഇവിടെ എത്താൻ കഴിയില്ല. അതിനാൽ ഞങ്ങളുടെ ആൾക്കാരെ അറിയിച്ചുകൊടുത്ത് അത് മുഖേന ഞങ്ങൾക്ക് സ്വർഗപ്രവേശനത്തിന് സാ

ധ്യമായ ഒരു സംഗതി ഞങ്ങൾക്ക് പറഞ്ഞുതരൂ" എന്ന് ആവശ്യപ്പെട്ടപ്പോൾ നാല് കാര്യങ്ങൾ നബി(ﷺ) അവരോട് കൽപിക്കുകയും നാല് കാര്യങ്ങൾ വിരോധിക്കുകയുംചെയ്തു. എന്നിട്ട് പറഞ്ഞു: "ഇത് നിങ്ങൾ മനസ്സിരുത്തുകയും മറ്റുള്ളവർക്ക് അറിയിച്ചുകൊടുക്കുകയും ചെയ്യുക" (ബുഖാരി, മുസ്ലിം).

**3. ളിമാമിൻെറ ആഗമനം**

ഇബ്നു അബ്ബാസ് (ﷺ)പറയുന്നു: ബനൂ സഅ്ദ് വംശം ളിമാമ്ബ്നു ഥഅ്ലബയെ നബി തിരുമേനിയുടെ അടുക്കലേക്കയച്ചു. നബി (ﷺ) സ്വഹാബത്തിനോടൊപ്പം പള്ളിയിലിരിക്കെ അദ്ദേഹം പള്ളിയിലേക്ക് കയറിച്ചെന്ന് - ഇസ്ലാമിനെക്കുറിച്ച് അന്വേഷിച്ചു; അധികം താമസിയാതെ ശഹാദത്ത് കലിമ ഉച്ചരിച്ച് മുസ്ലിമായി മാറി. അങ്ങനെ തൻെറ ഒട്ടകപ്പുറത്ത് കയറി തൻെറ ജനങ്ങളുടെ അടുക്കലെത്തി. അവർ അദ്ദേഹത്തിന് ചുറ്റും കൂടി. ആദ്യമായി അദ്ദേഹം പറഞ്ഞു: "ലാത്തയും ഉസ്സയുമൊന്നും ദിവ്യത്വത്തിനർഹരല്ല" ആളുകൾ പറഞ്ഞു: "അരുത് ളിമാമാ! മാറാവ്യാധികൾ പിടിപെടുന്നത് നീ സൂക്ഷിക്കുക! കുഷ്ഠവും വെള്ളപ്പാണ്ടും ഭ്രാന്തും ഉണ്ടാകും!" അദ്ദേഹം പറഞ്ഞു: "നിങ്ങൾക്ക് നാശം! നിശ്ചയം ലാത്തയോ ഉസ്സയോ ഉപകാരമോ ഉപദ്രവമോ വരുത്തുകയില്ല. അല്ലാഹു ദൂതനെ അയക്കുകയും ഗ്രന്ഥം അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവ മുഖേന അവൻ നിങ്ങളെ വഴികേടിൽനിന്ന് രക്ഷപ്പെടുത്തും. നിശ്ചയം അല്ലാഹുവല്ലാതെ ആരാധനക്ക ർഹൻ മറ്റാരുമില്ലെന്നും മുഹമ്മദ് അല്ലാഹുവിൻെറ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു" (വിശദ വിവരത്തിന് ഇബ്നുഹിശാമിൻെറ സീറത്തുന്നബവിയ്യ 4: പേജ് 219, 220 നോക്കുക).

**4. ഉർവത്ത്ബ്നു മസ്ഊദുസ്സഖഫി**

ഉർവത്തുബ്നു മസ്ഊദ് പ്രവാചക സന്നിധിയിലെത്തി. ഇസ്ലാമാശ്ലേഷിച്ചു. ഇസ്ലാമിൻെറ സന്ദേശവുമായി സ്വജനതയിലേക്ക് മടങ്ങുന്നതിനെക്കുറിച്ച് അദ്ദേഹം നബി(ﷺ)യോട് ചോദിച്ചു.

നബി(ﷺ) പറഞ്ഞു: "അവർ നിന്നെ കൊന്നുകളയും".

ഉർവ പറഞ്ഞു: "നബിയേ, ഞാനവർക്ക് ഏറെ പ്രിയങ്കരനാണ്". അദ്ദേഹം അവരിൽ അനുസരിക്കപ്പെടുന്നവനും പ്രിയങ്കരനും തന്നെയായിരുന്നു. അങ്ങനെ അവർക്കിടയിലുള്ള തൻെറ സ്ഥാനമാനങ്ങൾ നിമിത്തം അവർ തന്നെ എതിർക്കില്ലായെന്ന ധാരണയിൽ അവരെ ഇസ്ലാമിലേക്ക് ക്ഷണിക്കുന്നതിനായി അദ്ദേഹം പുറപ്പെട്ടു. അവിടെയെത്തി അവരെ ഇസ്ലാമിലേക്ക് ക്ഷണിക്കുകയും തൻെറ ഇസ്ലാമാശ്ലേഷം പ്രഖ്യാപിക്കുകയും ചെയ്തു. അധികം വൈകിയില്ല നാല് ഭാഗത്തുനിന്നും അവർ അദ്ദേഹത്തെ അമ്പെയ്ത് കൊലപ്പെടുത്തി. (ഇബ്നു ഹിശാമിൻെറ സീറ: 4: 182 പേജിൽ നിന്ന്).

ഇദ്ദേഹം ഹുദൈബിയാ സന്ധിയിൽ മക്കാമുശ്‌രിക്കുകളുടെ ദൂതനായി നബി (ﷺ) യോട് സംസാരിച്ച വ്യക്തികളിൽ ഒരാളാണ്. (മുബാറക്പൂരിയുടെ അർറഹീഖുൽ മഖ്തൂം). അതിനുശേഷമാണ് അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചത്. അതായത്, തികഞ്ഞ പണ്ഡിതന്മാരായ മറ്റു സ്വഹാബികളുണ്ടായിരിക്കെ തന്നെയാണ് ഉർവ ദഅ്‌വത്തുമായി സ്വജനതയിലേക്ക് ചെന്നത്.

**5. രിഫാഅത്ത്ബ്നു സൈദ് അൽ ജുദാമി**

രിഫാഅഃ ഖൈബറിന് മുമ്പായി -ഹുദൈബിയാ കാലഘട്ടത്തിൽ പ്രവാചക സന്നിധിയിലെത്തി ഇസ്‌ലാമാശ്ലേഷിച്ചു. നബി(ﷺ) രിഫാഅഃയുടെ ജനങ്ങളിലേക്കായി ഒരു കത്ത് അദ്ദേഹത്തെ ഏൽപിച്ചു. അതിൽ ഇങ്ങനെ പറയുന്നു: "പരമകാരുണികനായ അല്ലാഹുവിന്റെ നാമത്തിൽ. ഞാൻ രിഫാഅഃയെ തൻെറ ജനങ്ങളിലേക്കാകമാനം അയക്കുകയാണ്. അല്ലാഹുവിലേക്കും അവൻെറ ദൂതനിലേക്കും ക്ഷണിക്കുന്നതിന് വേണ്ടി. ആർ ആ ക്ഷണം സ്വീകരിക്കുന്നുവോ അവർ അല്ലാഹുവിന്റെയും അവൻെറ റസൂലിൻെറയും കക്ഷിയിലായി. ആരെങ്കിലും പിൻമാറുന്നെങ്കിൽ അവന് രണ്ട് മാസത്തെ അവധിയുണ്ട്. രിഫാഅഃ അവരുടെ അടുക്കലെത്തിയപ്പോൾ അവർ ഒന്നടങ്കം ഇസ്‌ലാമാശ്ലേഷിച്ചു. (ഇബ്നു ഹിശാമിൻെറ സീറത്തുന്നബവിയ്യ 4: 243 പേജ്).

**6. മാലിക്ബ്നുൽ ഹുവൈരിസ്**

ഞാൻ എൻെറ ജനങ്ങളിലെ ഒരു സംഘത്തോടൊപ്പം നബിയുടെ അടുക്കലെത്തി. ഇരുപത് ദിവസം നബി (ﷺ)യോടൊപ്പം ഞങ്ങൾ കഴിച്ചുകൂട്ടി. അദ്ദേഹം വളരെ കരുണയും വാത്സല്യവുമുള്ളവനായിരുന്നു. വീട്ടുകാരിലേക്ക് മടങ്ങാനുള്ള ഞങ്ങളുടെ ആഗ്രഹം കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: "നിങ്ങൾ പോയിക്കൊള്ളുക. അവരോടൊപ്പം നിന്ന് അവർക്ക് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുക. നിങ്ങൾ നമസ്കാരം നിർവഹിക്കുക. നമസ്കാര സമയമായാൽ നിങ്ങളിലൊരാൾ ബാങ്ക് വിളിക്കണം. നിങ്ങളിൽ വലിയവൻ ഇമാമായി നിൽക്കുകയും ചെയ്യട്ടെ!" (ബുഖാരി, ഹദീഥ് നമ്പർ: 628).

**7. ത്വുഫൈലുബ്നു അംറ് അദ്ദൗസി**

തുഫൈൽ ഒരു കവിയും ജനങ്ങൾക്കിടയിൽ സ്ഥാനമുള്ളയാളുമായിരുന്നു. മക്കയിലെ ഖുറൈശികൾ മുഹമ്മദിനെക്കുറിച്ചും മുഹമ്മദിൻെറ മാസ്മരിക വചനങ്ങളെക്കുറിച്ചും തുഫൈലിന് മുന്നറിയിപ്പ് നൽകി. സൂക്ഷിച്ചില്ലെങ്കിൽ പെട്ടുപോകുമെന്നുണർത്തി. തുഫൈൽ പറയുന്നു: "ഞാൻ ആ വലയത്തിൽപെട്ടുപോകുമോ എന്ന് ഭയന്ന് ചെവിപൊത്തിക്കൊണ്ടായിരുന്നു കഅ്ബയുടെ അടുത്തെത്താറ്. ഒരിക്കൽ ഞാൻ പള്ളിയിലെത്തുമ്പോൾ നബി(ﷺ) അവിടെ നിൽക്കുന്നു. ഞാൻ അദ്ദേഹത്തിൻെറ വാക്കുകൾ കേൾക്കണമെന്നായിരുന്നു ദൈവനിശ്ചയം. അങ്ങനെ ഞാൻ ആത്മഗതം ചെയ്തു. "ഞാനൊരു കാര്യബോധമുള്ള ആളാണല്ലോ. നെല്ലും പതിരും വേർതിരിക്കാൻ എന്തി

ന് പ്രയാസപ്പെടുന്നു? എന്താണെങ്കിലും അദ്ദേഹം പറയുന്നത് ഒന്ന് കേട്ടുനോക്കാം. നല്ലതെങ്കിൽ സ്വീകരിക്കാം. അല്ലെങ്കിൽ തള്ളാം".

അങ്ങനെ തുഫൈൽ വാക്കുകൾ ശ്രദ്ധിച്ചു. ഇതുവരെ കേട്ടിട്ടില്ലാത്ത അതിമനോഹരമായ പലതും കേൾക്കുകയായിരുന്നു. സംസാര ശേഷം നബിയെ അനുഗമിച്ച തുഫൈൽ ഖുറൈശികളുടെ താക്കീതിനെക്കുറിച്ച് പറഞ്ഞു. പക്ഷേ, അല്ലാഹുവാണ് തന്നെ ഇവിടെ എത്തിച്ചതെന്നും താങ്കൾ പറയുന്നതാണ് സത്യമെന്ന് എനിക്ക് ദൃഢ ബോധ്യമുണ്ട് എന്നും അതിനാൽ ഇസ്‌ലാമിനെക്കുറിച്ച് എനിക്ക് പറഞ്ഞു തരൂവെന്നും തുഫൈൽ നബി(ﷺ)യോട് ആവശ്യപ്പെട്ടു. താമസിയാതെ തുഫൈൽ ഇസ്‌ലാമാശ്ലേഷിച്ചു. ശേഷം പറഞ്ഞു: "ഞാൻ ഔസുകാരുടെ അടുക്കലേക്ക് പോവുകയാണ്. അവർ എന്നെ അനുസരിക്കും. ഞാനവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കട്ടെ, അല്ലാഹു അവരെ സന്മാർഗത്തിലേക്ക് നയിച്ചെങ്കിലോ? നബിയേ, താങ്കൾ എനിക്കു വേണ്ടി പ്രാർഥിക്കണം'' നബി(ﷺ) അദ്ദേഹത്തിന് വേണ്ടി പ്രാർഥിച്ചു. അങ്ങനെ തുഫൈൽ ദഅ്‌വത്തിനുവേണ്ടി യാത്രയായി..... (വിശദ വിവരത്തിന് ഇമാം ദഹബിയുടെ 'സിയറുഅഅ്‌ലാമിന്നുബലാഅ്: 1: 344, 345 പേജ് നോക്കുക).

**പണ്ഡിതന്മാർ പറയുന്നു**

സഊദി അറേബ്യയിലെ ശൈഖ് ഇബ്നുബാസിന്റെ നേതൃത്വത്തിലുണ്ടായിരുന്ന ഫത്‌വാ ബോർഡിന്റെ ഫത്‌വാ സമാഹാരത്തിൽ പറയുന്നു:

ينبغي أن يكون الداعي إلى الله عالما بما يأمر به وبما ينهى عنه, فقد يكون عنده حرص على الخير ورغبة ومحبة لنفع الناس ولكن يكون عنده جهل فيحرم الحلال ويحلل الحرام ويظن أنه على هدى (فتاوى اللجنة الدائمة للبحث العلمية والإفتاء : ج : ٢,ص: ٢٣)

"അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന പ്രബോധകൻ <u>താൻ കൽപിക്കുന്ന നന്മയെക്കുറിച്ചും വിലക്കുന്ന തിന്മയെക്കുറിച്ചും അറിവുള്ളവനായിരിക്കണം.</u> അജ്ഞതയാണ് മുതൽക്കൂട്ടെങ്കിൽ നിഷിദ്ധം അനുവദനീയമെന്നും അനുവദനീയം നിഷിദ്ധമെന്നും പറഞ്ഞു പോയേക്കും. സത്യത്തിലാണ് താനെന്ന് അയാൾ കരുതുകയും ചെയ്യും" (ഫതാവാ ലജ്നത്തുദ്ദാഇമ: 2:23).

ശൈഖ് സ്വാലിഹ് അൽ ഉഥൈമീൻ (3:104, 16:125, 3:104,105 ഉദ്ധരിച്ചുകൊണ്ട്) പറയുന്നു:

فهذه الآيات وأمثالها كلها تدل على أن الإنسان ينبغي له أن يكون داع يا إلى الله, ولكن لا يمكن أن تتم الدعوة إلا بعلم الإنسان بما يدعو إليه, لأن الجاهل قد يدعوا إلى شيء يظنه حقا وهو باطل, وقد ينهى

عن شيء يظنه باطلا وهو حق, فلا بد من العلم أولا فيتعلم الإنسان ما يدعو إليه...... يعني ليس بشرط أن يكون الإنسان عالما متبحرا في كل شيء (شرح رياض الصالحين للعثيمن : ج: ١ , ص: ٦٢٥)

"ഇതും ഇതുപോലുള്ള സൂക്തങ്ങളും മനുഷ്യൻ അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന പ്രബോധകനാകേണ്ടതിൻെറ അനിവാര്യതയാണ് അറിയിക്കുന്നത്. പക്ഷേ, എന്തിലേക്കാണോ ക്ഷണിക്കുന്നത് അതിനെക്കുറിച്ചുള്ള അറിവില്ലാതെ ദഅ്‌വത്ത് പൂർണമാകില്ല. കാരണം വിവരമില്ലാത്തവൻ സത്യമാണെന്ന് ധരിച്ച് ക്ഷണിക്കുന്ന സംഗതി ഒരുപക്ഷേ, നിരർഥകമായിരിക്കും. ചിലപ്പോൾ തിന്മയാണെന്ന് കരുതി വിലക്കുന്നത് നന്മയായിരിക്കുകയും ചെയും. അതിനാൽ എന്തിലേക്കാണോ ക്ഷണിക്കുന്നത് അതിനെക്കുറിച്ച് പഠിച്ച് ആദ്യമായി അറിവ് നേടൽ അനിവാര്യമാണ്" (ശറഹു രിയാളിസ്സാലിഹീൻ. പേജ്: 625).

താൻ എന്തിലേക്കാണോ ക്ഷണിക്കുന്നത്, അതിനെക്കുറിച്ച് കൃത്യവും വ്യക്തവും പ്രമാണബദ്ധവുമായ അറിവുള്ളവനായിരിക്കണം പ്രബോധകനെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ മഹാപണ്ഡിതന്മാർ മാത്രമെ ദഷ്‌വത്ത് നടത്തേണ്ടതുള്ളുവെന്ന് ഇതിനർത്ഥമില്ല. ദഅ്‌വത്ത് നടത്തുവാൻ എല്ലാ വിഷയത്തിലും സമുദ്രസമാനമായ വിജ്ഞാനമുള്ളവനായിരിക്കണം എന്ന നിബന്ധനയില്ല?

ഇത്രയും വിവരിച്ചതിൽനിന്ന് താഴെ പറയുന്ന കാര്യങ്ങൾ നമുക്ക് മനസ്സിലാക്കാം.

1. ദഅ്‌വത്ത് നബിമാരുടെ ദൗത്യത്തിൽപെട്ടതായിരുന്നു.

2 നബിക്ക് മാത്രമല്ല, ദഅ്‌വത്ത്, നബിയെ പിൻപറ്റുന്നവരും അത് ചെയ്യണം.

3. പറയുന്ന കാര്യങ്ങളിൽ ബസ്വീറത്ത്(ദൃഢബോധം) ഉണ്ടായിരിക്കണം.

4.. അല്ലാഹുവിലേക്ക് അഥവാ അവന്റെ ആദർശത്തിലേക്കായിരിക്കണം ക്ഷണിക്കേണ്ടത്. മറിച്ച് വ്യക്തികളിലേക്കോ മനുഷ്യനിർമിത പ്രത്യയശാസ്ത്രങ്ങളിലേക്കോ അല്ല.

5. തെറ്റായ ആദർശം സ്വീകരിക്കുവാനോ പ്രചരിപ്പിക്കാനോ പാടില്ല.

6. സത്യം കൈക്കൊള്ളാൻ പരസ്പരം ഉപദേശിക്കാത്തവർക്ക് നാശത്തെക്കുറിച്ച് ഖുർആൻ മുന്നറിയിപ്പ് നൽകുന്നു.

7. സദാചാരം കൽപിക്കലും ദുരാചാരം വിരോധിക്കലും വിശ്വാസികളുടെ ഉൽകൃഷ്ട സ്വഭാവമാണ്.

8. നബിമാർക്ക് മാത്രമെ ദഅ്‌വത്ത് ബാധ്യതയുള്ളു എന്നത് ഖുർആനിന് വിരുദ്ധമായ വാദമാണ്.

9. പറയുന്ന വിഷയത്തിൽ ദൃഢബോധ്യത്തോടെയുള്ള അറിവുണ്ടായാൽ മതി. എല്ലാം സൂക്ഷ്മമായി പഠിച്ച പണ്ഡിതനായാലേ ദാഇൗ (പ്രബോധകൻ) ആകാൻ പറ്റൂ എന്നത് ശരിയല്ല. ഇത്തരമൊരു ഉപാധി ഖുർആനോ സുന്നത്തോ സലഫുകളോ പറഞ്ഞിട്ടില്ല.

10. ദഅ്വത്തിനായുള്ള ഖുർആനിൻെറയും സുന്നത്തിന്റെയും കൽപന മൊത്തത്തിലാണ്. അത് ഒരു പ്രത്യേക വിഭാഗത്തിനായി പരിമിതപ്പെടുത്തിയിട്ടില്ല.

11. ഓരോരുത്തരും തൻെറ കഴിവും സ്വാധീനവുമുപയോഗിച്ച് നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും വേണം.

12. തിന്മകളെ ഹൃദയംകൊണ്ട് വെറുക്കൽ ഏത് ദുർബല മുസ്ലിമിനും സാധിക്കും.

13. അക്രമിയുടെ കൈക്ക് പിടിച്ച് തിന്മ തടഞ്ഞില്ലെങ്കിൽ അല്ലാഹു ശിക്ഷയിറക്കും. ദുആക്ക് ഉത്തരം കിട്ടാതെവരും.

14. പ്രാർഥനക്ക് ഉത്തരം കിട്ടാനും റബ്ബിൻെറ അനുഗ്രഹവും സഹായവും നേടാനും നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും വേണം.

15. എല്ലാം അറിഞ്ഞശേഷമെ മറ്റുള്ളവരിലേക്ക് സന്ദേശമെത്തിക്കൂ എന്ന് വാശിപിടിക്കുന്നത് ശരിയല്ല. അറിഞ്ഞ സംഗതി- അതൊരായത്താണെങ്കിൽപോലും- മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുകയാണ് വേണ്ടത്.

16. നബി(ﷺ)യുടെ അനുമതിയോടെ തന്നെ, ഇസ്ലാം ആശ്ലേഷിച്ചയുടനെ സ്വഹാബത്ത് സ്വജനങ്ങളിലേക്കായി ദഅ്വത്തിന് മടങ്ങിയിരുന്നു.

17. അവരുടെ ദഅ്വത്ത് മുഖേന നിരവധിയാളുകൾ ഇസ്ലാമിലേക്ക് ഒഴുകുകയുണ്ടായി.

18. പ്രബോധകൻ അറിവുള്ളവനായിരിക്കണം എന്ന് പറയുമ്പോൾ എല്ലാ വിഷയത്തിലും തികഞ്ഞ അറിവുള്ള പണ്ഡിതനാകണം എന്നല്ല; മറിച്ച്, പറയുന്ന വിഷയത്തിൽ കൃത്യമായ അറിവുണ്ടായിരിക്കണം എന്നേ വിവക്ഷിക്കുന്നുള്ളൂ.

തുടരും...